373478

C 41344 (Pages : 2) Name.....................................

Reg. No.....................................

# FOURTH SEMESTER (CBCSS-UG) DEGREE EXAMINATION, APRIL 2023

Malayalam

## MAL4B06—MALAYALA NOVEL SAHITHYAM

(2019 Admission onwards)

Time : Two Hours and a Half

Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25 :

1 സുന്ദരയ്യൻ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

2 'ചിന്നമ്മു ഒരു വെള്ളത്ത ചീനമൊളകാ'—ഇങ്ങനെ പറഞ്ഞതാര് ? കാരണമെന്ത് ?

3 ഭ്രാന്താലയത്തിലെ അബ്ബു എന്ന കഥാപാത്രത്തെ നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്ങനെ ?

4 'എന്റെ ശ്രീപോർക്കലി ഭഗവതിയാണെ ഞാൻ ഇന്ദുലേഖയെ മാധവനു കൊടുക്കയില്ല.' ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?

5 'മോള്‌ അച്ഛൻ തിരുമേനിയെ തൊട്ട് അയിത്താക്കല്ലേ. നേത്യാരമ്മ ഇങ്ങനെ പറയാനുണ്ടായ കാരണമെന്ത് ?

6 മജീദ് എന്ന കഥാപാത്രത്തിന്റെ സ്വഭാവനിരൂപണം തയ്യാറാക്കുക.

7 തങ്കത്തിന്റെ പഠിപ്പ് മുടങ്ങിയതെങ്ങനെ ?

8 ജനപ്രിയ നോവലുകളെക്കുറിച്ച് കുറിപ്പെഴുതുക.

9 സി.വി. രാമൻപിള്ളയുടെ ചരിത്ര നോവലുകളേവ ? അതിൽ രണ്ട് നോവലുകളിലെ കഥാപാത്രങ്ങളുടെ പേരെഴുതുക.

10 കുന്ദലതയ്ക്കു മുൻപുണ്ടായ രണ്ട് നോവൽ മാതൃകകളെ പരിചയപ്പെടുത്തുക.

11 പുലയപ്പാട്ട് എന്ന നോവലിൽ ചിത്രീകരിക്കുന്ന സ്ഥലമേത് ? പ്രധാന കഥാപാത്രങ്ങൾ ആരെല്ലാം ?

12 ഉമ്മാച്ചുവിന്റെ അന്തഃസംഘർഷങ്ങളാണ് നോവലിനെ മഹത്വമുള്ളതാക്കുന്നത്. ശരിയാണോ ?

13 ജിവിതത്തിന്റെ ഉയർച്ചതാഴ്ചകൾ ഉമ്മറുകുട്ടി എന്ന കഥാപാത്രത്തിലൂടെ നോവലിസ്റ്റ് അവതരിപ്പിച്ചതെങ്ങനെ ?

14 പുരോഗമന സാഹിത്യ പ്രസ്ഥാനം എന്താണ് ?

15 സൂരിനമ്പൂതിരിയുടെ ആഗമനം വിവരിക്കുക.

(25 marks)

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്കുള്ള 8 ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്.

16 മാർത്താണ്ഡവർമ്മയിലെ ഓരോ അദ്ധ്യായത്തിന്റേയും തുടക്കത്തിലുള്ള കവിതാശകലങ്ങൾ നോവലിന് എത്രത്തോളം യോജ്യമാണ് ?

17 ഖസാക്കിന്റെ ഇതിഹാസത്തിലെ ആഖ്യാനരീതിയുടെസവിശേഷതയെന്ത് ?

Turn over

373478

Scanned with OKEN Scanner

18 ബഷീറിന്റെ ആത്മാവിഷ്കാരപരത ബാല്യകാലസഖിയിൽ പ്രകടമാവുന്നതെങ്ങനെ ? ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി വിശദമാക്കുക.

19 'സ്ത്രീജന്മത്തിന്റെ ദുരിതങ്ങളുടെ വിവിധ മുഖങ്ങൾ അഗ്നിസാക്ഷിയിൽ കാണാം'. ഉദാഹരണസഹിതം വിശദമാക്കുക.

20 സുഭദ്ര എന്ന കഥാപാത്രത്തിന് 'മാർത്താണ്ഡവർമ്മ'യിലുള്ള പ്രാധാന്യം വിലയിരുത്തുക.

21 പുലയപ്പാട്ട് ദലിത് രചനയാണോ ? സ്വാഭിപ്രായം സമർത്ഥിക്കുക.

22 ആദിവാസി ഗോത്രജീവിതം കൊച്ചരേത്തിയിൽ തനിമയോടെ ആവിഷ്കരിക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്. ഈ പ്രസ്താവന ശരിയാണോ ? വിശദീകരിക്കുക.

23 'നിസ്സംഗനായ ആധുനിക മനുഷ്യന്റെ പ്രതീകമാണ് രവി'. ഇങ്ങനെ പറയാൻ കാരണമെന്ത് ?

(35 marks)

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മുന്നൂറു വാക്കിൽ കുറയാതെ ഉത്തരമെഴുതുക. 10 മാർക്ക് വീതം.

24 'ഇന്ദുലേഖയിലെ കഥാഗതി ആപാദചൂഡം അകൃത്രിമവും നൈസർഗ്ഗികവുമാകുന്നു.' എം.പി. പോളിന്റെ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

25 കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ നോവലിസ്റ്റ് പുലർത്തുന്ന കൃത്യത ഉമ്മാച്ചു എന്ന നോവലിനെ മുൻനിർത്തി പരിശോധിക്കുക.

26 'ജീവിത പാരുഷ്യത്തിന്റെ മനോഹാരിതകൾ അവതരിപ്പിക്കുന്ന നോവലിസ്റ്റാണ് ബഷീർ'. ബാല്യകാലസഖി എന്ന നോവലിനെ ആസ്പദമാക്കി വിലയിരുത്തുക.

27 പുലയപ്പാട്ട് എന്ന നോവലിലൂടെ എം. മുകുന്ദൻ എന്ന നോവലിസ്റ്റിന്റെ രചനാപരമായ സവിശേഷതകൾ വിലയിരുത്തുക.

(2 × 10 = 20 marks)



Scanned with OKEN Scanner